**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2226** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഓണക്കാലത്തെ സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 2024 ലെ ഓണക്കാലത്ത് എത്ര സൗജന്യ ഭക്ഷ്യകിറ്റുകളാണ് റേഷൻ കടകൾ വഴി വിതരണം ചെയ്തത്; വയനാട്ടിലെ ഉൾപ്പെടെ ഏതൊക്കെ ദുരന്തബാധിത മേഖലകളിലാണ് ഇത്തവണ കിറ്റുകൾ വിതരണം ചെയ്തത്; എത്ര കിറ്റുകൾ വീതമാണ് ഓരോ ദുരന്തബാധിത മേഖലയിലും നൽകിയത്; വിശദമാക്കാമോ; | (എ) | 2024 ലെ ഓണക്കാലത്ത് 5,61,643 സൗജന്യ ഭക്ഷ്യക്കിറ്റുകളാണ് റേഷൻ കടകൾ വഴി വിതരണം നടത്തിയിട്ടുള്ളത്. വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തബാധിത മേഖലയിലെ FPS 44, 46 എന്നീ റേഷൻ കടകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വിഭാഗം കാർഡുടമകൾക്കും സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തബാധിത മേഖലയിൽ 1390 സൗജന്യ ഭക്ഷ്യക്കിറ്റുകൾ 2024 ൽ വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | സാമൂഹിക നീതി വകുപ്പിന്റെ കീഴിലുള്ളതും മറ്റ് സർക്കാർ അംഗീകൃതമായതും ആയ എത്ര ക്ഷേമസ്ഥാപനങ്ങളിലെ എത്ര അംഗങ്ങൾക്കാണ് കിറ്റുകൾ വിതരണം ചെയ്തത്; ഇതിൽ സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങൾ ഉണ്ടോ; വ്യക്തമാക്കാമോ; | (ബി) | സാമൂഹിക നീതി വകുപ്പിന്റെയും മറ്റ് സർക്കാർ അംഗീകൃതവുമായ പൊതുവിതരണ വകുപ്പിൽ നിന്നും പെർമിറ്റ് അനുവദിച്ചിട്ടുള്ള 847 ക്ഷേമ സ്ഥാപനങ്ങളിലെ 32576 അന്തേവാസികൾക്കായി 8006 സൗജന്യ ഭക്ഷ്യക്കിറ്റുകൾ 2024 ൽ വിതരണം നടത്തിയിട്ടുണ്ട്. ഇതിൽ സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | കിറ്റുകൾ വിതരണം ചെയ്യാൻ എത്ര തുകയാണ് സർക്കാർ അനുവദിച്ചത്; ഈ തുക ഭക്ഷ്യവകുപ്പിനു കൈമാറിയിട്ടുണ്ടോ; 14 ഇനങ്ങൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്യാനായി എത്ര രൂപയാണ് ഓരോ ഇനങ്ങൾക്കുമായി ആകെ ചെലവായത്; വിശദമാക്കാമോ; | (സി) | 2024 ഓണത്തോടനുബന്ധിച്ച് AAY കിറ്റ് വിതരണം ചെയ്യുന്നതിനായി സപ്ലൈകോയ്ക്ക് 34.29 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 14 ഇനങ്ങൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്യുന്നതിനായി പായ്ക്കിംഗ്, ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് കൂലി എന്നിവയടക്കമുള്ളവയുടെ പ്രതീക്ഷിത ചെലവ് പട്ടിക അനുബന്ധം I ആയി ചേർക്കുന്നു. |
| (ഡി) | കിറ്റിനുള്ള സഞ്ചി ഏതു സ്ഥാപനമാണു നൽകിയത്; ഇതിനായി ടെൻഡർ ക്ഷണിച്ചിരുന്നോ; ഇതിന് എത്ര തുകയാണ് അനുവദിച്ചത്; അറിയിക്കാമോ; | (ഡി) | കിറ്റിനായുള്ള തുണി സഞ്ചി ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളാണ് വിതരണം ചെയ്തത്<br><br>KKM & SONS,<br><br>K M K ENTERPRISES<br><br>KUDUMBASREE UNIT,<br><br>VEESIX GARMENTS, |

| | | | |
|---|---|---|---|
| | | | NEWTHAN BAGS,<br><br>SM LADIES TAILORING AND GARMENTS WAYANAD,<br><br>MINNU TRADERS MUTHUKULAM, ALAPPUZHA,<br><br>S M LADIES & TAILORING KANIYAMBATTA, WAYANAD,<br><br>SNEHITHA TAILORING & READY MADES, WAYANAD,<br><br>KERALA EDUCATIONAL DEVELOPMENT EMPLOYMENT SOCIETY,<br><br>VEESIX GARMENTS, KOLLAM,<br><br>KARAKURISSI SAHAKARANA BANK,<br><br>TRIVENI KUDUMBASREE CHEIYAMUNDAM MALAPPURAM,<br><br>AMBADI TAILORING,<br><br>CHELAKKARA KUDUMBASREE UNIT,<br><br>MINU TRADERS,<br><br>SM TAILORING AND GARMENTS WAYANAD,<br><br>SOUPARNIKA BAG NIRMANA UNIT(KUDUMBASREE),<br><br>VAYALAR WOMENS WELFARE & INDUSTRIAL CO OPERATIVE SOCIETY.<br><br>**ഇതിനായി പ്രത്യേകം ടെൻഡർ നടത്തിയിരുന്നില്ല. ചെലവായ തുക Rs.95,75,488/-രൂപ** |
| (ഇ) | കിറ്റ് വിതരണവുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് ഇതുവരെ കമ്മിഷൻ കുടിശിക എത്ര രൂപ നൽകിയിട്ടുണ്ട്; ഓണക്കാലത്ത് ഉത്സവബത്തയായി നൽകാമെന്ന് അറിയിച്ചിരുന്ന 1000 രൂപ എത്ര വ്യാപാരികൾക്കു നൽകി; വ്യക്തമാക്കാമോ; | (ഇ) | കിറ്റ് വിതരണവുമായി ബന്ധപ്പെട്ട് കമ്മീഷൻ ഇനത്തിൽ നാളിതുവരെ 30,01,36,895/- (മുപ്പത് കോടി ഒരു ലക്ഷത്തി മുപ്പത്താറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി അഞ്ച്) രൂപ റേഷൻ വ്യാപാരികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2024 ഓണത്തോടനുബന്ധിച്ച് റേഷൻ വ്യാപാരികൾക്ക് ഉത്സവ ബത്ത അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (എഫ്) | 2023, 2024 ഓണക്കാലങ്ങളിൽ സൗജന്യ ഭക്ഷ്യകിറ്റുകൾ വാങ്ങാത്ത എ.എ.വൈ. റേഷൻ കാർഡ് ഉടമകൾ എത്ര പേരാണ് ഉള്ളത്; ഇവരുടെ ജില്ല തിരിച്ചുള്ള എണ്ണം നൽകാമോ; കിറ്റുകൾ വാങ്ങാത്തവരെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (എഫ്) | 2023, 2024 ഓണക്കാലങ്ങളിൽ സൗജന്യ ഭക്ഷ്യക്കിറ്റുകൾ വാങ്ങാത്ത AAY റേഷൻ കാർഡുടമകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.<br><br>2024 ഓണക്കിറ്റ് കൈപ്പറ്റാത്ത AAY കാർഡുകൾ പരിശോധിച്ച് കിറ്റ് കൈപ്പറ്റാത്തതിന്റെ കാരണം എന്താണെന്ന് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

| ക്രമ നമ്പർ | ഇനം | അളവ് | വില (GST ഉൾപ്പെടെ) (രൂപ) | ആകെ കിറ്റുകളുടെ എണ്ണം | ആകെ ചെലവായ തുക(രൂപ) |
|---|---|---|---|---|---|
| 1 | തേയില (ശബരി) | 100 ഗ്രാം | 28 | 598468 | 16757104 |
| 2 | ചെറുപയർ പരിപ്പ് | 250 ഗ്രാം | 35 | 598468 | 20946380 |
| 3 | സേമിയ പായസം മിക്സ് (മിൽമ) | 250 ഗ്രാം | 56 | 598468 | 33514208 |
| 4 | നെയ്യ് (മിൽമ) | 50 മി.ലി. | 41 | 598468 | 24537188 |
| 5 | കശുവണ്ടി പരിപ്പ് | 50 ഗ്രാം | 50 | 598468 | 29923400 |
| 6 | വെളിച്ചെണ്ണ | 500 മി.ലി. | 90 | 598468 | 53862120 |
| 7 | സാമ്പാർപൊടി (ശബരി) | 100 ഗ്രാം | 41 | 598468 | 24537188 |
| 8 | മുളക്പൊടി (ശബരി) | 100 ഗ്രാം | 24 | 598468 | 14363232 |
| 9 | മഞ്ഞൾപൊടി (ശബരി)) | 100 ഗ്രാം | 27 | 598468 | 16158636 |
| 10 | മല്ലിപൊടി (ശബരി) | 100 ഗ്രാം | 17 | 598468 | 10173956 |
| 11 | ചെറുപയർ | 500 ഗ്രാം | 68 | 598468 | 40695824 |
| 12 | തുവര പരിപ്പ് | 250 ഗ്രാം | 49 | 598468 | 29324932 |
| 13 | പൊടി ഉപ്പ് | 1 കി.ഗ്രാം | 13.5 | 598468 | 8079318 |
| 14 | തുണി സഞ്ചി | ഒരെണ്ണം | 16 | 598468 | 9575488 |
| ഒരു കിറ്റിന് ചെലവായ തുക | | | 555.5 | 598468 | 332448974 |
| ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് കൂലി | | | 17 | 598468 | 10173956 |
| ഒരു കിറ്റിന് ചെലവായ ആകെ തുക | | | 572.5 | 598468 | 342622930 |

**കിറ്റിന് ആകെചെലവായ തുക : 34,26,22,930 രൂപ**

<u>**അനുബന്ധം II**</u>

| ജില്ല | 2023 ലെ ഓണക്കിറ്റ് കൈപ്പറ്റാത്ത എണ്ണം AAY കാർഡുകളുടെഎണ്ണം | 2024 ലെ ഓണക്കിറ്റ് കൈപ്പറ്റാത്ത AAY കാർഡുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 2552 | 2613 |
| കൊല്ലം | 2092 | 1963 |
| പത്തനംതിട്ട | 1223 | 1278 |
| ആലപ്പുഴ | 1222 | 1223 |
| കോട്ടയം | 1955 | 1562 |
| ഇടുക്കി | 2883 | 2554 |
| എറണാകുളം | 1747 | 1902 |
| തൃശ്ശൂർ | 1957 | 2654 |
| പാലക്കാട് | 2232 | 2309 |
| മലപ്പുറം | 1318 | 1816 |
| വയനാട് | 2719 | 3212 |
| കോഴിക്കോട് | 1638 | 1625 |
| കണ്ണൂർ | 1519 | 1358 |
| കാസർഗോഡ് | 1238 | 1059 |
| **ആകെ** | **26295** | **27128** |